(ഡി) ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് നടത്തിപ്പ് പിന്നാക്ക സമുദായ വികസനവകുപ്പ് ഐ.ടി. സ്കൂളിന്റെ സാങ്കേതിക സഹായത്തോടെ ഓൺലൈനായി നടപ്പാക്കിവരുന്നു.

ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പട്ടികജാതി വികസന വകുപ്പ് ഇ-ഗ്രാന്റ്സ് സംവിധാനത്തിലൂടെ ഓൺലൈനായും നടപ്പിലാക്കുന്നു. അപേക്ഷകൾ അക്ഷയകേന്ദ്രംവഴി അപ്ലോഡ് ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശുപാർശ ചെയ്ത് ജില്ലാ പട്ടികജാതി വികസന ഓഫീസിലേക്ക് അയയ്ക്കുന്നു. അവ പരിശോധിച്ച് അർഹരായ അപേക്ഷകർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് പട്ടികജാതി വികസനവകുപ്പ്മുഖേന നൽകുന്നു.

**പിന്നോക്കവിഭാഗത്തിലെ നിയമബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി**

**284(4248)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്കവിഭാഗത്തിലെ നിയമബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതിവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി&സി) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികൾക്ക് അഭിഭാഷകജോലിയിൽ തുടക്കം കുറിക്കുന്നതിനും ജുഡീഷ്യൽ ആഫീസർമാരായി ഉയരുന്നതിനും കോടതികളിൽ പിന്നാക്കവിഭാഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, പദ്ധതി ലക്ഷ്യമിടുന്നു. അഡ്വക്കേറ്റായി എൻറോൾ ചെയ്ത, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാക്ടീസ് ആരംഭിക്കുന്നതിന് യൂണിഫോം, ബുക്കുകൾ എന്നിവ വാങ്ങുന്നതിന് വർഷം 7500 രൂപാവീതം മൂന്നുവർഷത്തേയ്ക്ക് ഈ പദ്ധതി മുഖേന ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2012-13 മുതൽ നടപ്പിലാക്കിയ പദ്ധതിക്കായി സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം നൽകിവരുന്നു.

2012-13-ൽ ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ 50 നിയമബിരുദ ധാരികൾക്കും 2013-14-ൽ ഈ 50 പേർക്ക് രണ്ടാം ഗഡുവും പുതിയതായി 85 പേർക്ക് ആദ്യഗഡുവും ധനസഹായം നൽകുകയുണ്ടായി.

**പിന്നോക്കവിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേഖലകളിലും മത്സരപരീക്ഷകളിലും പരിശീലനം**

285 (4249) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പ്രാഗത്ഭ്യം നേടുന്നതിനും അതുവഴി കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഉദ്യോഗാർത്ഥികൾക്ക് ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനകം എത്ര മേഖലാ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും അവിടെ നടത്തുന്ന മത്സരപരീക്ഷാ പരിശീലനങ്ങൾ ഏതൊക്കെയെന്നും ഓരോന്നിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട് എന്നും വെളിപ്പെടുത്താമോ ;

(ഡി) കഴിഞ്ഞ ബഡ്ജറ്റിൽനിന്നും ഈയിനത്തിൽ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പ്രാഗത്ഭ്യം നേടുന്നതിനും അതുവഴി കേന്ദ്രസംസ്ഥാന സർവ്വീസുകളിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുമായി പിന്നോക്ക സമുദായ വികസന വകുപ്പ് 2013-14 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ആവിഷ്ക്കരിക്കുകയും പ്രസ്തുത പദ്ധതിക്കായി 4.59 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. മെഡിക്കൽ/എഞ്ചിനിയറിംഗ്/സിവിൽ സർവ്വീസ്/ ബാങ്കിംഗ്/യു.പി.എസ്.സി/ പി.എസ്.സി. തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2014-15 വർഷം ഈ പദ്ധതി നടത്തിപ്പിനായി 3.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly